(ബി) ഇത് സംബന്ധമായി ഗ്രാമപഞ്ചായത്തും സ്ഥലം എം. എൽ. എ. യും നൽകിയ നിവേദനങ്ങളിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(സി) ഇത് ഉടനെ പ്രാവർത്തികമാകുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) പുതിയ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും വാഗ്ദാനം ചെയ്തിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ മൊറയൂർ ഉൾപ്പെടെ 177 എണ്ണമാണുള്ളത്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും ബജറ്റിൽ അനുവദിക്കുന്ന തുകയും കണക്കിലെടുത്ത് ഘട്ടം ഘട്ടമായാണ് പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നത്.

ആശുപത്രികളിൽ രോഗികളെ കിടത്തി ചികിൽസിപ്പിക്കുന്നതിന് നടപടി

185 [1791] *ശ്രീ. കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ വാഴക്കാട്, വാഴയൂർ, കൂന്തൽമാട്, ചേലേമ്പ്ര, മൊറയൂർ, പുളിക്കൽ തുടങ്ങിയ ആശുപത്രികളിൽ രോഗികളെ കിടത്തി ചികിൽസിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ ഗവൺമെന്റ് എടുത്ത നടപടികൾ എന്തെല്ലാമാണ്;

(സി) ഈ ആവശ്യം എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) മേൽപ്പറഞ്ഞ ആരോഗ്യകേന്ദ്രങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ആശുപത്രികളുടെ വികസനം

186 [1792] *ശ്രീ. കെ. കെ. ജയചന്ദ്രൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ ഏതെല്ലാം സർക്കാർ ആശുപത്രികളുടെ വികസന പ്രവർത്തനമാണ് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഏതെല്ലാം ആശുപത്രികളുടെ പ്രോജക്ട് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly